നം.സിഇ/171/2009/റ്റി.എ.4

# കേരള സർക്കാർ

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം-01

## വിജ്ഞാപനം

## എം.ഡി.ആയുർവ്വേദ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ-2009-10

1. തിരുവനന്തപുരത്തും, തൃപ്പൂണിത്തുറയിലും, കണ്ണൂരിലുള്ള സർക്കാർ ആയുർവ്വേദ കോളേജുകളിലും കോട്ടയ്ക്കൽ VPSV ആയുർവ്വേദ കോളേജിലും 2009-10 അദ്ധ്യയന വർഷത്തെ താഴെ പറയുന്ന ആയുർവ്വേദ ബിരുദാനന്തര ബിരുദ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

   (i) കായ ചികിത്സ, (ii) ശാലക്യതന്ത്രം, (iii) രസശാസ്ത്രം (iv) ഭൈഷജ്യകല്പനം, (v) ദ്രവ്യഗുണ വിജ്ഞാനം, (vi) സ്വസ്ഥവൃത്തം (vii) പ്രസൂതി തന്ത്രവും സ്ത്രീരോഗവും, (viii) ആയുർവ്വേദ സിദ്ധാന്തവും ദർശനവും (ix) പഞ്ചകർമ്മ, (x) കൗമാരഭൃത്യ (xi) ശല്യതന്ത്രം (xii) മാനസിക (xiii) അഗദതന്ത്രം, (xiv) ക്രിയാശാരീരം, (xv) രോഗനിദാനം

2. <u>പ്രവേശനത്തിനുവേണ്ട യോഗ്യതകൾ:</u>

   (i) നേറ്റിവിറ്റി: അപേക്ഷകൻ ഇൻഡ്യൻ പൗരനായിരിക്കണം.

   (ii) വയസ്സ്: അപേക്ഷകർ 2010 ജനുവരി 1-ാം തീയതി 45 വയസ്സ് കഴിയാത്തവരായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 5 വർഷത്തെ വയസ്സിളവ് ഉണ്ടായിരിക്കുന്നതാണ്.

   (iii) വിദ്യാഭ്യാസ യോഗ്യതകൾ: സി.സി.ഐ.എം അംഗീകാരമുള്ള കോളേജുകളിൽ നിന്നോ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നു ലഭിച്ചതോ അല്ലെങ്കിൽ കേരള സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതുമായ ബി.എ.എം.എസ്./ ആയുർവ്വേദാചാര്യ/ ബി.എ.എം. ബിരുദം. അപേക്ഷകർ ഓരോ വിഷയത്തിലും തിയറിക്കും പ്രാക്ടിക്കൽ പരീക്ഷയ്ക്കും പ്രത്യേകമായി 50 ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയിട്ടുള്ളവരായിരിക്കണം. എന്നാൽ 1995 നു മുമ്പ് കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നും ബി.എ.എം.എസ്/ബി.എ.എം. പരീക്ഷ പാസ്സായിട്ടുള്ളവർക്ക് തിയറിക്കും പ്രാക്ടിക്കലിനും 50 ശതമാനം മാർക്ക് നേടണമെന്നുള്ള നിബന്ധനയില്ല. 31.01.2009 നോ അതിനുമുമ്പായോ ഇന്റേൺഷിപ്പ് പരിശീലനം പൂർത്തിയാക്കുന്നവർക്കും പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ ഇവർ പ്രവേശനത്തിനു മുമ്പായി ബന്ധപ്പെട്ട മെഡിക്കൽ കൗൺസിലിൽ നിന്നുമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

3. തെരഞ്ഞെടുപ്പും പ്രവേശന പരീക്ഷയും: സംസ്ഥാനത്തെ ആയുർവ്വേദ കോളേജുകളിലെ അദ്ധ്യാപകർ, ഐ.എസ്.എം. വകുപ്പിലെ മെഡിക്കൽ ഓഫീസർമാർ, ലക്ഷദ്വീപിൽ നിന്നുള്ള നോമിനികൾ എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ളവയൊഴികെയുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനപരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ അപേക്ഷകരെ തെരഞ്ഞെടുക്കുന്നതാണ്.

   പ്രവേശന പരീക്ഷ 2009 ജൂൺ മാസം 28-ാം തീയതി (ഞായറാഴ്ച) തിരുവനന്തപുരത്തു നടത്തുന്നതാണ്. പ്രവേശനപരീക്ഷയ്ക്ക് 2 മണിക്കൂർ വീതം ദൈർഘ്യമുള്ള 150 ചോദ്യങ്ങൾ വീതമുള്ള രണ്ടു പേപ്പറുകൾ ഉണ്ടായിരിക്കും. പരീക്ഷ ഒബ്ജക്റ്റീവ് മാതൃകയിലുള്ളതായിരിക്കും.

4. അപേക്ഷാഫോറം: ഫോറത്തിന്റെ മാതൃകയും പ്രോസ്പെക്ടസും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **'cee-kerala.org'** എന്ന വെബ്സൈറ്റിൽ നിന്നും 04.05.2009 മുതൽ

ഡൗൺലോഡ് ചെയ്യാവുന്നതാണ്. കേരളത്തിൽ നിന്നുള്ള അപേക്ഷാർത്ഥികൾ അപേക്ഷാ ഫോറത്തിനോടൊപ്പം ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് എസ്.ബി.റ്റി യുടെ ഏതെങ്കിലും ഒരു ശാഖയിൽ അപേക്ഷാ ഫീസ് അടയ്ക്കേണ്ടതാണ്. (800/- രൂപ ജനറൽ വിഭാഗം/400/- രൂപ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം) കേരളത്തിനു വെളിയിൽ നിന്നുമുള്ള അപേക്ഷാർത്ഥികൾ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന (800/- രൂപ ജനറൽ വിഭാഗം/400/- രൂപ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം) ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ/ആയൂർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിലോ അപേക്ഷാഫോറം ലഭിക്കുന്നതല്ല.

4. (എ) വിവിധ സർവ്വീസ് ക്വാട്ട സീറ്റുകളിലേയ്ക്ക് അപേക്ഷിക്കുന്നവർ അപേക്ഷാ ഫീസായ 800/- രൂപ 0210-02-101-99 എന്ന ഹെഡ്ഡിൽ ട്രഷറിയിൽ അടയ്ക്കേണ്ടതാണ്. ഇവർ '**cee-kerala.org**' എന്ന വെബ് സൈറ്റിൽ ലഭ്യമായ അപേക്ഷയോടൊപ്പം ഒറിജിനൽ ചെലാൻ രസീതും സമർപ്പിക്കേണ്ടതാണ്.

5. മെറിറ്റ് സീറ്റുകളിൽ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം ആഗ്രഹിക്കുന്ന അപേക്ഷകർ, പൂരിപ്പിച്ച അപേക്ഷാ ഫോറം 2009 മേയ് 30 -ാം തീയതി ശനിയാഴ്ച വൈകുന്നേരം 5 മണിക്കു മുമ്പായി നേരിട്ടോ തപാൽ മുഖാന്തിരമോ കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം- 695 001 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

   സർവ്വീസ് ക്വോട്ടയിൽ അപേക്ഷിക്കുന്നവർ പൂരിപ്പിച്ച അപേക്ഷഫോറം ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളും ചെലാൻ രസീതും സഹിതം ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർ മുഖേന 30.05.2009 വൈകുന്നേരം 5 മണിക്ക് മുമ്പ് ലഭിക്കത്തക്കവിധത്തിൽ ആയൂർവ്വേദ ഡയറക്ടർ, ആരോഗ്യഭവൻ, എം.ജി.റോഡ്, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

   30.05.2009 വൈകുന്നേരം 5 മണിക്ക് ശേഷം ലഭിക്കുന്നതുൾപ്പെടെ വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് കമ്മീഷണറോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ ഉത്തരവാദികളായിരിക്കുകയില്ല.

6. അപൂർണ്ണമായതോ, തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇത് സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ ഏതെങ്കിലും തരത്തിലുള്ള സംവരണാനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഒരു കാരണവശാലും പ്രവേശനപരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

7. എസ്.സി/എസ്.ടി വിഭാഗങ്ങൾ അപേക്ഷാഫോമിൽ നിശ്ചിത ഭാഗത്ത് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റുകൾ അപേക്ഷാഫോമിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റ് പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരിഗണിക്കുന്നതല്ല.

8. പ്രവേശന പരീക്ഷയിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണർ ആയൂർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുക്കുന്നതാണ്.

   സർവ്വീസ് ക്വോട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ്, അഡ്മിഷൻ എന്നിവ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി ആയൂർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നടത്തുന്നതാണ്. മറ്റ് വിശദാംശങ്ങൾ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസിൽ ലഭ്യമാണ്. ('**cee-kerala.org**' എന്ന വെബ്സൈറ്റ് കാണുക)

തിരുവനന്തപുരം
24.04.2009

പ്രവേശന പരീക്ഷാ കമ്മീഷണർ